**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3353** **01-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് - പാലക്കാട് പുതിയ ഗ്രീൻ ഫീൽഡ് ഹൈവേക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം ഏതെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (എ) | പാലക്കാട് ജില്ലയിലെ മരുത്വാ റോഡ് (ch 0.000) മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ (ch 121.006) 121 കിലോമീറ്റർ ദൈർഘ്യമുള്ള പാലക്കാട് - കോഴിക്കോട് ദേശീയപാത-966 (ഗ്രീൻഫീൽഡ് ഹൈവേ) പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലൂടെയാണ് കടന്നു പോകുന്നത്. ഗ്രീൻഫീൽഡ് ഹൈവേക്കായി മൂന്ന് ജില്ലകളിലായി ആകെ 563 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും പൂർത്തീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം എ-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | സ്ഥലവും, കെട്ടിടങ്ങളും വിട്ട് നൽകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹൈവേ കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി. കൂടാതെ ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ മാരുടെയും, ഉദ്യോഗസ്ഥരുടെയും യോഗവും ചേരുകയുണ്ടായി. തുടർന്ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ അതത് സ്ഥലങ്ങളിൽ സ്ഥലം നഷ്ടപ്പെടുന്നവരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള യോഗം ചേരുകയും, വ്യക്തമായ വിശദീകരണം നൽകിയിട്ടുള്ളതുമാണ്. ഗ്രീൻഫീൽഡ് ഹൈവേക്കായി ഭൂമിയേറ്റെടുക്കലിന് വിധേയമാകുന്ന സ്ഥലത്തുള്ള നിർമ്മിതികളുടെ മൂല്യ നിർണ്ണയത്തിന് ഡിപ്രീസിയേഷൻ വാല്യൂ ഒഴിവാക്കുന്നതിന് ദേശീയപാത അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയേറ്റെടുക്കൽ വിജ്ഞാപനത്തിൽ ഉൾപ്പെട്ടവർ അപേക്ഷിച്ചിട്ടുള്ള പട്ടയങ്ങളുടെ കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമെടുക്കാനും തരം മാറ്റ അപേക്ഷകൾ മുൻഗണന നൽകി തീർപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | ദേശീയപാത ആക്ട് 1956 വകുപ്പ് 3 (സി) പ്രകാരം, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആക്ഷേപങ്ങൾ സ്വീകരിക്കുകയും തുടർന്ന് അവരുമായി ഹിയറിംഗ് നടത്തി ആക്ഷേപങ്ങൾക്ക് തീർപ്പ് കൽപ്പിച്ച് പരാതിക്കാർക്ക് മറുപടി നല്കി വരുന്നു. 3 (സി) പ്രകാരം ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ അനുബന്ധം ബി-ആയി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അത് പരാതിക്കാരെ അറിയിച്ചുവോ എന്നും വ്യക്തമാക്കുമോ; | (ഡി) | ദേശീയപാത ആക്ട് 1956 വകുപ്പ് 3 (സി) പ്രകാരം, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആക്ഷേപങ്ങൾ സ്വീകരിക്കുകയും തുടർന്ന് അവരുമായി ഹിയറിംഗ് നടത്തി ആക്ഷേപങ്ങൾക്ക് തീർപ്പ് കൽപ്പിച്ച് പരാതിക്കാർക്ക് മറുപടി നല്കി വരുന്നു. 3 (സി) പ്രകാരം ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ അനുബന്ധം ബി-ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സ്ഥലം വിട്ട് നൽകുന്നവർക്ക് മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് അനുവദിക്കുന്നതിന് അനുഭാവ പൂർവമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | ദേശീയപാതാ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ RFCTLARR Act 2013 ലെ ഷെഡ്യൂൾ I പ്രകാരം നഷ്ടപരിഹാരവും ഷെഡ്യൂൾ II പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. ആയത് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-എ**

**കോഴിക്കോട്**

| Name of the Project | Land to be acquired (In Ha.) | 3A Status (In Ha.) | 3D Status (In Ha) | 3G Status (In Ha) | Possession Status (in Ha) |
|---|---|---|---|---|---|
| Palakkad-Kozhikode | 29.765 | 28.276 (100%) | 28.276 (100%) | 0 | 0 |
| | Additional 18.05 Ha land required for trumpet | 18.05<br><br>(100%) | 0 | 0 | 0 |

28.276 ഹെക്ടർ – 3A 06.04.2022 നും 3D 04.11.2022 നും പ്രസിദ്ധീകരിച്ചു.

അഡീഷണൽ എൽ.എ 18.05 ഹെക്ടർ – 3A 03.02.23 നും പ്രസിദ്ധീകരിച്ചു.

(BVR) അംഗീകരിച്ചു.

നഷ്ടപരിഹാരതുക കണക്കാക്കുന്നതിനുള്ള ഡീറ്റെയിൽഡ് വാല്യുവേഷൻ റിപ്പോർട്ട് (DVS) തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**മലപ്പുറം**

| Name of the Project | Addl. Land to be acquired (In Ha.) | 3A Status (In Ha.) | 3D Status (In Ha) | 3G Status (In Ha) | Possession Status (in Ha) |
|---|---|---|---|---|---|
| Palakkad-Kozhikode | 239.32 | 239.32 (100%) | 212.00<br><br>(88%) | 0 | 0 |

3A 01.06.2022 ന് പ്രസിദ്ധീകരിച്ചു. 3D 13.02.2023 ന് പ്രസിദ്ധീകരിച്ചു.

(BVR) അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

നഷ്ടപരിഹാരതുക കണക്കാക്കുന്നതിനുള്ള ഡീറ്റെയിൽഡ് വാല്യുവേഷൻ റിപ്പോർട്ട് (DVS) തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ 3 ജി (3) പ്രകാരമുള്ള പബ്ലിക് ഹിയറിംഗ് 01.03.2023 മുതൽ മഞ്ചേരി ടൗൺ ഹാളിൽ വെച്ച് നടക്കുന്നതാണ്.

**പാലക്കാട്**

| Name of the Project | Addl. Land to be acquired (In Ha.) | 3A Status (In Ha.) | 3D Status (In Ha) | 3G Status (In Ha) | Possession Status (in Ha) |
|---|---|---|---|---|---|
| Palakkad-Kozhikode | 277.48 | 277.48 (100%) | 0 | 0 | 0 |

3A 31.05.2022 ന് പ്രസിദ്ധീകരിച്ചു. 3D പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ള 8 വില്ലേജുകളുടെ 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ഇതോടൊപ്പം ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനുള്ള വിലനിർണ്ണയ ജോലികളും നടന്നു വരുന്നു.

**അനുബന്ധം ബി**

## കോഴിക്കോട്

| ക്രമ നം | വില്ലേജ് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | പെരുമണ്ണ | 64 |

## മലപ്പുറം

| ക്രമ നം | വില്ലേജ് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | അരീക്കോട് | 367 |
| 2 | ചീക്കോട് | 127 |
| 3 | ഓഴക്കാട് | 375 |
| 4 | മുതുവല്ലൂർ | 190 |
| 5 | വാഴയൂർ | 34 |
| 6 | ചെമ്പ്രശ്ശേരി | 134 |
| 7 | വെട്ടിക്കാട്ടിരി | 33 |
| 8 | കരുവാരക്കുണ്ട് | 79 |
| 9 | പോരൂർ | 7 |
| 10 | തുവ്വൂർ | 239 |
| 11 | എടപ്പറ്റ | 292 |
| 12 | എളങ്കൂർ | 96 |
| 13 | കാരക്കുന്ന് | 217 |
| 14 | കാവനൂർ | 171 |
| 15 | പെരകമണ്ണ | 111 |
| | **ആകെ** | **2472** |

**പാലക്കാട്**

| ക്രമ നം | വില്ലേജ് | അപേക്ഷകൾ |
|---|---|---|
| 1 | മരുതറോഡ് | 20 |
| 2 | പാലക്കാട് – 2 | 85 |
| 3 | മലമ്പുഴ – 2 | 91 |
| 4 | മലമ്പുഴ – 1 | 183 |
| 5 | അകത്തേത്തറ | 151 |
| 6 | പുതുപ്പരിയാരം –1 | 10 |
| 7 | പുതുപ്പരിയാരം – 2 | 21 |
| 8 | മുണ്ടൂർ –1 | 7 |
| 9 | മുണ്ടൂർ –2 | 38 |
| 10 | കരിമ്പ –1 | 181 |
| 11 | കരിമ്പ –2 | 83 |
| 12 | കാരാകുറിശ്ശി | 11 |
| 13 | തച്ചമ്പാറ | 333 |
| 14 | പൊറ്റശ്ശേരി – 1 | 645 |
| 15 | മണ്ണാർക്കാട് –1 | 183 |
| 16 | മണ്ണാർക്കാട് –2 | 176 |
| 17 | പയ്യനടം | 403 |
| 18 | കോട്ടോപ്പാടം – I | 275 |
| 19 | കോട്ടോപ്പാടം – II | 52 |
| 20 | കോട്ടോപ്പാടം – III | 104 |
| 21 | അലനല്ലൂർ | 830 |
| **ആകെ** | | **3882** |

**അനുബന്ധം ബി**

**കോഴിക്കോട്**

| ക്രമ നം | വില്ലേജ് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | പെരുമണ്ണ | 64 |

**മലപ്പുറം**

| ക്രമ നം | വില്ലേജ് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | അരീക്കോട് | 367 |
| 2 | ചീക്കോട് | 127 |
| 3 | ഓഴക്കാട് | 375 |
| 4 | മുതുവല്ലൂർ | 190 |
| 5 | വാഴയൂർ | 34 |
| 6 | ചെമ്പ്രശ്ശേരി | 134 |
| 7 | വെട്ടിക്കാട്ടിരി | 33 |
| 8 | കരുവാരക്കുണ്ട് | 79 |
| 9 | പോരൂർ | 7 |
| 10 | തുവ്വൂർ | 239 |
| 11 | എടപ്പറ്റ | 292 |
| 12 | എളങ്കൂർ | 96 |
| 13 | കാരക്കുന്ന് | 217 |
| 14 | കാവനൂർ | 171 |
| 15 | പെരകമണ്ണ | 111 |
| | **ആകെ** | **2472** |

**<u>പാലക്കാട്</u>**

| ക്രമ നം | വില്ലേജ് | അപേക്ഷകൾ |
|---|---|---|
| 1 | മരുതറോഡ് | 20 |
| 2 | പാലക്കാട് – 2 | 85 |
| 3 | മലമ്പുഴ – 2 | 91 |
| 4 | മലമ്പുഴ – 1 | 183 |
| 5 | അകത്തേത്തറ | 151 |
| 6 | പുതുപ്പരിയാരം –1 | 10 |
| 7 | പുതുപ്പരിയാരം – 2 | 21 |
| 8 | മുണ്ടൂർ –1 | 7 |
| 9 | മുണ്ടൂർ –2 | 38 |
| 10 | കരിമ്പ –1 | 181 |
| 11 | കരിമ്പ –2 | 83 |
| 12 | കാരാകുറിശ്ശി | 11 |
| 13 | തച്ചമ്പാറ | 333 |
| 14 | പൊറ്റശ്ശേരി – 1 | 645 |
| 15 | മണ്ണാർക്കാട് –1 | 183 |
| 16 | മണ്ണാർക്കാട് –2 | 176 |
| 17 | പയ്യനടം | 403 |
| 18 | കോട്ടോപ്പാടം – I | 275 |
| 19 | കോട്ടോപ്പാടം – II | 52 |
| 20 | കോട്ടോപ്പാടം – III | 104 |
| 21 | അലനല്ലൂർ | 830 |
| **ആകെ** | | **3882** |